## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3842 — 31.01.2014-ലെ മറുപടിയ്ക്ക്

### നന്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, പാലോട് രവി<br>,, കെ.മുരളീധരൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |

(എ) നന്മ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(എ) നന്മ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ പരാമർശിക്കുന്ന പ്രകാരമാണ്. പത്തിനം നിത്യോപയോഗ സാധനങ്ങൾ ശരാശരി കമ്പോള വിലയിൽ നിന്നും 20% കുറച്ച് സഹകരണ വിപണന കേന്ദ്രങ്ങളായ നന്മ സ്റ്റോറുകളിലൂടെ വർഷം മുഴുവൻ ഗുണമേന്മയുള്ള സാധനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് നന്മ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.

(ബി) ഈ പദ്ധതിയനുസരിച്ച് എത്രയിനം അവശ്യസാധനങ്ങളാണ് വിതരണം ചെയ്യുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) നന്മ പദ്ധതി പ്രകാരം ചുവടെ പരാമർശിക്കുന്ന പത്തിനം നിത്യോപയോഗ സാധനങ്ങളാണ് പൊതുവിപണിയിൽ നിന്നും ശരാശരി 20% വിലക്കുറവിൽ നന്മ സ്റ്റോറുകളിലൂടെ വിപണനം നടത്തി വരുന്നത്.

| ക്രമ നം. | ഇനം |
|---|---|
| 1 | ജയ അരി |
| 2 | കുറുവ അരി |
| 3 | മട്ട അരി (ത്രിവേണി നാടൻ കത്തരി ഉൾപ്പെടെ) |
| 4 | പച്ചരി |

| | |
|---|---|
| 5 | പഞ്ചസാര |
| 6 | വെളിച്ചെണ്ണ |
| 7 | മുളക്/പിരിയൻ മുളക് |
| 8 | ചെറുപയർ |
| 9 | ഉഴുന്ന് ബോൾ |
| 10 | മല്ലി |

(സി) പദ്ധതിയനുസരിച്ച് എത്ര വിൽപ്പന കേന്ദ്രങ്ങളും കൺസ്യൂമർ യൂണിറ്റുകളുടെ ഉത്സവകാല ചന്തകളും ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(സി) നന്മ പദ്ധതിയിൻകീഴിൽ 2000 നന്മ സ്റ്റോറുകൾ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇപ്പോൾ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 869 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്ന 1305 നന്മ സ്റ്റോറുകളും, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ മുഖേന നടത്തുന്ന 254 നന്മ സ്റ്റോറുകളും ഉൾപ്പെടെ ആകെ 2428 നന്മ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്.

(ഡി) പദ്ധതി നടത്തുന്നത് ആരുടെ നേതൃത്വത്തിലാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതി നടത്തുന്നത് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിലാണ്. നന്മ സ്റ്റോറുകളിലേയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നത് കൺസ്യൂമർ ഫെഡറേഷനാണ്. ഗുണമേന്മയുള്ള സാധനങ്ങൾ പ്രത്യേക സാമ്പത്തിക സഹായങ്ങൾ കൂടാതെയാണ് കൺസ്യൂമർഫെഡ് വാങ്ങി വില കുറച്ച് നന്മ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നത്.

(ഇ) എന്തെല്ലാം ധനസഹായമാണ് പദ്ധതി നടത്തിപ്പിന് ലഭിക്കുന്നത്: വിശദമാക്കുമോ;

(ഇ) നന്മ പദ്ധതിയുടെ നടത്തിപ്പിനായി പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കുന്നില്ല.

സെക്ഷൻ ഓഫീസർ